ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കൊല്ലം ,
ഇ മെയിൽ-: dmdkollam@gmail.com
C19kollam@gmail.com
ഫോൺ :0474 2794002 , ഫാക്സ് : 0474 2794004
ടോൾ ഫ്രീ - 1077

Break the chain

**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും കൂടിയായ കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം**

**(സാന്നിദ്ധ്യം : അബ്ദുൾ നാസർ ബി, ഐ എ എസ് )**

DCKLM/1827/2020-DM2 (2) തിയതി: 10.07.2020

വിഷയം:- ദുരന്തനിവാരണം-കോവിഡ്19- പ്രതിരോധ പ്രതികരണ നടപടികൾ - കൊല്ലം ജില്ല - സാമൂഹ്യ വ്യാപനം തടയൽ - ജില്ലയിലെ കടലോര മത്സ്യ ബന്ധനം നിരോധിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

വായന:- (1) കൊല്ലം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 06.07.2020-ലെ ഇതേ നമ്പർ ഉത്തരവ്

(2) കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 09.07.2020-ലെ ഇ.2652/2018 നമ്പർ റിപ്പോർട്ട്.

കോവിഡ് 19 പ്രതിരോധ പ്രതികരണ നടപടികളുടെ ഭാഗമായി കൊല്ലം ജില്ലയിലെ എല്ലാ മത്സ്യബന്ധന തുറമുഖങ്ങളും അതിനോടനുബന്ധിച്ചുള്ള ലേലഹാളുകളും ഇനിയൊരുത്തരവുണ്ടാകുന്നതുവരെ അടച്ചിടുവാൻ വായന (1) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ ജില്ലയിലെ കടലോര പ്രദേശങ്ങളിൽ നിന്നും കട്ടമരങ്ങളിൽ പോയി മത്സ്യബന്ധനം നടത്തുന്നവർ ചെറുകിട മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും ബീച്ചുകളിലും തിരികെയെത്തി മത്സ്യവിപണനം നടത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പ്രധാന ഹാർബറുകളും ലേലഹാളുകളും അടച്ച സാഹചര്യത്തിൽ ഇത്തരം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിൽ മത്സ്യം വാങ്ങുവാനായി പതിവിലുമധികം ആളുകൾ എത്തുന്നതായി ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, തന്നെ അറിയിച്ചിട്ടുള്ളതായും കൂടാതെ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾക്ക് പുറമെ മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളും ഇത്തരം കേന്ദ്രങ്ങളിൽ മത്സ്യവിപണനത്തിനായി

**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കൊല്ലം ,**
ഇ മെയിൽ-: dmdkollam@gmail.com
C19kollam@gmail.com
ഫോൺ :0474 2794002 , ഫാക്സ് : 0474 2794004
ടോൾ ഫ്രീ - 1077

Break the chain

എത്തുന്നുണ്ടെന്നും കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് വായന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനാൽ ജില്ലയിലെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഇത്തരത്തിൽ ബീച്ചുകളിലും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലേയും മത്സ്യവിപണനം കൂടി നിയന്ത്രിക്കുന്നത് ഉചിതമായിരിക്കുമെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കോവിഡ് 19 പ്രതിരോധ പ്രതികരണ നടപടികളുടെ ഭാഗമായി ജില്ലയിലെ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലേയും ബീച്ചുകളിലേയും മത്സ്യവിപണനവും ജില്ലയിലെ കടൽമത്സ്യബന്ധനവും നിയന്ത്രിക്കേണ്ടത് കോവിഡ് സാമൂഹ്യ വ്യാപന സാധ്യത തടയുന്നതിന് അത്യന്താപേക്ഷിതമാണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു.

ആയതിനാൽ കൊല്ലം ജില്ലാ കളക്ടറും ജില്ലാ മജിസ്ട്രേറ്റുമായ അബ്ദുൾ നാസർ.ബി, ഐ എ എസ് എന്ന ഞാൻ, കൊല്ലം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ, ദുരന്ത നിവാരണ നിയമം 2005-ലെ 26(2), 30(1)(2)iii, iv, v, xvi, xviii, 33,34(c)(m) എന്നീ വകുപ്പുകൾ പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ എല്ലാ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലേയും ബീച്ചുകളിലേയും മത്സ്യവിപണനവും ജില്ലയിലെ കടൽമത്സ്യബന്ധനവും ഇനിയൊരുത്തരവുണ്ടാകുന്നതുവരെ പൂർണ്ണമായും നിരോധിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവ് കർശനമായി നടപ്പിലാക്കുവാൻ ജില്ലാ പോലീസ് മേധാവി, കൊല്ലം സിറ്റി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കൊല്ലം, എന്നിവരെ ചുമതലപ്പെടുത്തുന്നു.

ഒപ്പ്/-
**ചെയർമാൻ,**
**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി**
**& ജില്ലാ മജിസ്ട്രേറ്റ്, കൊല്ലം**

(1) ജില്ലാ പോലീസ് മേധാവി, കൊല്ലം സിറ്റി
(2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കൊല്ലം
(3) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കൊല്ലം